## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5514 01.07.2014-ൽ മറുപടിയ്ക്ക്

### പൂക്കോട് റസിഡൻഷ്യൽ സ്കൂൾ വയനാട് ജില്ല

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | വയനാട് ജില്ലയിൽ പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | എ) | പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ 02.10.2000 -ലാണ് ആരംഭിച്ചത്. |
| ബി) | പ്രസ്തുത സ്കൂൾ താൽക്കാലികമായി പ്രവർത്തനമാരംഭിച്ചത് എവിടെയാണെന്നും ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | ബി) | മോഡൽ റസിഡൻഷ്യൽ സ്കൂൾ 02.10.2000-ൽ താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ചത് പ്രീമെട്രിക് ഹോസ്റ്റൽ വൈത്തിരിയിലാണ്. സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത് പ്രീമെട്രിക് ഹോസ്റ്റൽ ഒരു നില കൂടി നിർമ്മിച്ച് നവീകരിച്ച കെട്ടിടത്തിലും പൂക്കോട് ഡയറി പ്രോജക്ട് പിരിച്ചു വിട്ടപ്പോൾ ലഭിച്ച മൂന്ന് താല്ക്കാലിക കെട്ടിടങ്ങളിലും 2010-ൽ നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിച്ച മൂന്ന് ക്ലാസ് മുറികളിലുമായാണ്. |
| സി) | പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ 1999-ൽ ഭരണാനുമതി നൽകിയതിന്റെയും 2000-ൽ പട്ടികവർഗ്ഗ വികസന വകുപ്പിന് ഭൂമി കൈമാറിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | 27.09.1999-ലെ ജി.ഒ(എം.എസ്) 87/99/പജപവവിവ പ്രകാരം കെട്ടിടം നിർമ്മിക്കാൻ 2.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 10.05.1999-ലെ ജി.ഒ(എം.എസ്)നം.164/99/RD പ്രകാരം 20 ഏക്കർ ഭൂമി പൂക്കോട് എം.ആർ.എസ് നിർമ്മിക്കുന്നതിനായി പൂക്കോട് ഡയറി |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| ഡി) | നിലവിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | ഡി) | നിലവിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. ആദ്യം സ്കൂൾ നിർമ്മാണത്തിനായി അനുവദിച്ച സ്ഥലം പൂക്കോട് തടാകത്തിന്റെ സമീപത്താകയാൽ ഹൈക്കോടതി നിർമ്മാണ പ്രവർത്തനം നിരോധിച്ചു. 2004-ൽ കെട്ടിടമുണ്ടാക്കാൻ ഭൂമി ലഭിച്ച ശേഷം പ്രവർത്തി പൊതുമരാമത്ത് വകുപ്പിനെ ഏല്പിക്കുകയും 2005-ൽ കെട്ടിട നിർമ്മാണത്തിനായി സ്ഥലം കൈമാറുകയും ചെയ്തു. എന്നാൽ പൊതു മരാമത്ത് വകുപ്പ് പിൻമാറി. 03.09.2013-ലെ ജി.ഒ(എം.എസ്) 67/13/പജപവവിവ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 12.96 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഇ) | പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ഇ) | 2 വർഷം കൊണ്ട് പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

Harispriya

സെക്ഷൻ ഓഫീസർ